'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 765 04.03.2020 ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മാനന്തവാടി മണ്ഡലത്തിൽ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായത്താൽ ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ നടത്താൻ വനം വകുപ്പ് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മാനന്തവാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വയനാട് വന്യജീവി സങ്കേതത്തിലെ തോൽപ്പെട്ടി ഏര്യ വാകേരി എന്നിവിടങ്ങളിൽ കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി ആന പ്രതിരോധ മതിൽ നിർമ്മിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പരിധിയിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികൾക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകി എന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (ബി) | കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിൽ 410 മീറ്റർ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ മാനന്തവാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വയനാട് വന്യജീവി സങ്കേതത്തിലെ തോൽപ്പെട്ടി റെയ്ഞ്ചിലെ തോൽപ്പെട്ടി ഏര്യയിൽ 34 മീറ്റർ ദൂരത്തിലും ആന പ്രതിരോധ കിടങ്ങ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പരിധിയിലെ കൂടൽക്കടവ് മുതൽ പാൽ വെളിച്ചം വരെ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബി രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വയനാട് ജില്ലയിലെ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വയനാട് വന്യജീവി സങ്കേതത്തിൽ കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ്, 410 മീറ്റർ ആന പ്രതിരോധ മതിൽ, കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി 11 കി. മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പരിധിയിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ 6 കി.മീറ്റർ ദൂരത്തിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 3.6 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബിയിൽ സമർപ്പിച്ചിരി ക്കുന്നത്. കൂടാതെ |

| | | | |
|---|---|---|---|
| | | | സൗത്ത് വയനാട് ഡിവിഷനുകീഴിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 25.7 കി. മീറ്ററിന് 13,90,49,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (കൽപ്പറ്റ റെയ്ഞ്ചിലെ സുഗന്ധഗിരി സെക്ഷനിലെ കുന്നുംപുറം പത്താംമൈൽ ഭാഗം 3 കി.മീറ്ററിന് 1,58,24,000/- രൂപ, ചെതലത്ത് റെയ്ഞ്ചിലെ പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ ദാസനക്കര, പാതിരിയമ്പലം, കക്കോടൻ ബ്ലോക്ക് ഭാഗം 14.5 കി.മീറ്ററിന് 7,87,40,000/- രൂപ, ഇരുളം ഫോറസ്റ്റ് സ്റ്റേഷനിലെ കൊമ്മൻചേരി സുബ്രഹ്മണ്യൻ കൊല്ലി ഭാഗം 3.2 കി.മീറ്ററിന് 1,80,60,000/- രൂപ മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിലെ വേങ്ങാക്കോട് മുതൽ ചെമ്പ്ര വരെയുള്ള ഭാഗം 5 കി. മീറ്ററിന് 2,64,25,000/- രൂപ). |

സെക്ഷൻ ഓഫീസർ